**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3177** | **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ തലം മുതലുള്ള കായിക വികസനത്തിന് കായിക വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കായിക വിനോദങ്ങളിലൂടെ കുട്ടികളെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ഹെൽത്തി കിഡ്സ് എന്ന പദ്ധതി. നിലവിൽ കേരളത്തിലെ തെരഞ്ഞെടുത്ത 55 സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.<br><br>കായിക താരങ്ങളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി അവരെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ജൂഡോക്ക (ജൂഡോ), പഞ്ച്, (ബോക്സിങ്) സ്പ്രിന്റ്, (അത്‌ലറ്റിക്സ്) ഹൂപ്പ്, (ബാസ്കറ്റ്ബോൾ) ഗോൾ (ഫുട്ബാൾ) എന്നീ ഗ്രാസ് റൂട്ട് ലെവൽ പരിശീലനപരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>കായിക യുവജനകാര്യാലയത്തിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3 സ്പോർട്സ് സ്കൂളുകൾ മുഖേന കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം കായികപരിശീലനവും ഉറപ്പാക്കുന്നു. സ്പോർട്സ് സ്കൂളുകളിൽ റെസിഡൻഷ്യൽ പരിശീലന സംവിധാനം, ആധുനിക പരിശീലന ഉപകരണങ്ങൾ, ശാസ്ത്രീയ കായിക പരിശീലന സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇവയെ Centre of Excellence in sports ആയി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.<br><br>സംസ്ഥാനത്തുടനീളമുള്ള കായിക പ്രതിഭകളെ Talent Identification Program ലൂടെ ശാസ്ത്രീയമായ തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തി മികച്ച കോച്ചിംഗ് സംവിധാനം, ആഹാര പദ്ധതികൾ (ഡയറ്റ് പ്ലാൻ), ജിമ്മുകൾ, ഫിസിയോതെറാപ്പി, സൈക്കോളജിക്കൽ സപ്പോർട്ട് ഉടങ്ങിയ സമഗ്ര സൗകര്യങ്ങളും, പഠനവും |

| | | | |
|---|---|---|---|
| | | | കായികപരിശിലനവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സൗകര്യമുള്ള അന്തേവാസ പരിശീലന സംവിധാനം നടപ്പിലാക്കിവരുന്നു. കായിക പ്രതിഭകളെ ദേശീയ, അന്താരാഷ്ട്ര, ഒളിംപിക് നിലവാരത്തിലേക്ക് എത്തിക്കുക എന്നതാണ് ദീർഘകാല ലക്ഷ്യം.<br><br>കായിക പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ജനറൽ കിറ്റ് വിതരണം പദ്ധതി പ്രകാരം കായിക യുവജന കാര്യാലയത്തിന്റെ കിഴിലുള്ള മൂന്ന് സ്പോർട്സ് സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി ആവശ്യമായ സ്പോർട്സ് ഡ്രസ്സുകൾ, ഷൂസ് മറ്റ് അടിസ്ഥാന ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനാണ് ജനറൽ കിറ്റ് വിതരണം പദ്ധതി നടപ്പിലാക്കിവരുന്നത്.<br><br>സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ കഠിനമായ പരിശീലനം നടത്തുന്നതിനാൽ ശരീരവളർച്ചയും പ്രവർത്തനക്ഷമതയ്ക്കും ആവശ്യമായ മൈക്രോ ന്യൂട്രീഷനുകളും (പ്രോട്ടിൻ, കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്) മൈക്രോ ന്യൂട്രീഷനുകളും (വിറ്റാമിനുകളും ധാതുക്കളും) അടങ്ങിയ സമീകൃതാഹാരം ലഭ്യമാക്കുന്ന ന്യൂടിഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു.<br><br>കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിലൂടെ പ്രഗൽഭരായ, അനുഭവ സമ്പന്നരായ പരിശീലകരെ വിവിധ ഇനങ്ങളിലായി നിയമിച്ച് വിദ്യാർത്ഥി കായികതാരങ്ങൾക്ക് ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള പരിശീലന സംവിധാനം ഒരുക്കിവരുന്നു. |
| (ബി) | കായിക താരങ്ങളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി അവരെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കായിക വിനോദങ്ങളിലൂടെ കുട്ടികളെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ഹെൽത്തി കിഡ്സ് എന്ന പദ്ധതി. നിലവിൽ കേരളത്തിലെ തെരഞ്ഞെടുത്ത 55 സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.<br><br>കായിക താരങ്ങളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി അവരെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ജൂഡോക്ക (ജൂഡോ), പഞ്ച്, (ബോക്സിങ്) സ്പ്രിന്റ്, (അത്‌ലറ്റിക്സ്) ഹൂപ്പ്, (ബാസ്കറ്റ്ബോൾ) ഗോൾ (ഫുട്ബാൾ) എന്നീ ഗ്രാസ് റൂട്ട് ലെവൽ പരിശീലനപരിപടികൾ നടപ്പിലാക്കിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കായിക യുവജനകാര്യാലയത്തിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3 സ്പോർട്സ് സ്കൂളുകൾ മുഖേന കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം കായികപരിശീലനവും ഉറപ്പാക്കുന്നു. സ്പോർട്സ് സ്കൂളുകളിൽ റെസിഡൻഷ്യൽ പരിശീലന സംവിധാനം, ആധുനിക പരിശീലന ഉപകരണങ്ങൾ, ശാസ്ത്രീയ കായിക പരിശീലന സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇവയെ Centre of Excellence in sports ആയി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.<br><br>സംസ്ഥാനത്തുടനീളമുള്ള കായിക പ്രതിഭകളെ Talent Identification Program ലൂടെ ശാസ്ത്രീയമായ തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തി മികച്ച കോച്ചിംഗ് സംവിധാനം, ആഹാര പദ്ധതികൾ (ഡയറ്റ് പ്ലാൻ), ജിമ്മുകൾ, ഫിസിയോതെറാപ്പി, സൈക്കോളജിക്കൽ സപ്പോർട്ട് ഉടങ്ങിയ സമഗ്ര സൗകര്യങ്ങളും, പഠനവും കായികപരിശിലനവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സൗകര്യമുള്ള അന്തേവാസ പരിശീലന സംവിധാനം നടപ്പിലാക്കിവരുന്നു. കായിക പ്രതിഭകളെ ദേശീയ, അന്താരാഷ്ട്ര, ഒളിംപിക് നിലവാരത്തിലേക്ക് എത്തിക്കുക എന്നതാണ് ദീർഘകാല ലക്ഷ്യം.<br><br>കായിക പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ജനറൽ കിറ്റ് വിതരണം പദ്ധതി പ്രകാരം കായിക യുവജന കാര്യാലയത്തിന്റെ കിഴിലുള്ള മൂന്ന് സ്പോർട്സ് സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി ആവശ്യമായ സ്പോർട്സ് ഡ്രസ്സുകൾ, ഷൂസ് മറ്റ് അടിസ്ഥാന ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനാണ് ജനറൽ കിറ്റ് വിതരണം പദ്ധതി നടപ്പിലാക്കിവരുന്നത്.<br><br>സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ കഠിനമായ പരിശീലനം നടത്തുന്നതിനാൽ ശരീരവളർച്ചയും പ്രവർത്തനക്ഷമതയ്ക്കും ആവശ്യമായ മൈക്രോ ന്യൂട്രീഷനുകളും (പ്രോട്ടിൻ, കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്) മൈക്രോ ന്യൂട്രീഷനുകളും (വിറ്റാമിനുകളും ധാതുക്കളും) അടങ്ങിയ സമീകൃതാഹാരം ലഭ്യമാക്കുന്ന ന്യൂട്രിഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു.<br><br>കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിലുടെ പ്രഗൽഭരായ, അനുഭവ സമ്പന്നരായ പരിശീലകരെ വിവിധ ഇനങ്ങളിലായി നിയമിച്ച് വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | | | കായികതാരങ്ങൾക്ക് ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള പരിശീലന സംവിധാനം ഒരുക്കിവരുന്നു. |
| (സി) | സംസ്ഥാനത്ത് ഒരു കായിക സമ്പദ് വ്യവസ്ഥ വളർത്തണമെന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ കായിക മേഖലയുടെ സംഭാവന ഉയർത്തുന്നതിനുള്ള സ്പോർട്സ് ഇക്കണോമി മിഷൻ കായിക നയം വിഭാവനം ചെയ്തിട്ടുണ്ട്. കായിക രംഗത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും നൂതന പദ്ധതികൾ അവതരിപ്പിക്കുന്നതിനുമായി 2024 ജനുവരി 23 മുതൽ 26 വരെ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്. |
| (ഡി) | കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി യഥാസമയങ്ങളിൽ വിലയിരുത്താറുണ്ട്. സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി ലഭ്യമായ വിവിധ ഇൻഡോർ സ്റ്റേഡിയം/ ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1127.19 കോടി രൂപയുടെ 59 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/ മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കിറ്റ്കോ മുഖാന്തിരം ഇതിൽ 19 പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിക്കുകയും 8 പദ്ധതികൾ പുരോഗമിച്ചു വരികയുമാണ്. 720.86 കോടി രൂപ അടങ്കൽ വരുന്ന 31 കിഫ്ബി പദ്ധതികൾ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏല്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൽ 22 പ്രവൃത്തികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 11 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും നിലവിൽ 9 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ആയതിൽ 8 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ |

പ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 30.08.2025 ലെ സ.ഉ (സാധാ)നം.223/2025/കാ.യു.വ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തി സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ എം.പി/ തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 117 കളിസ്ഥലങ്ങളിൽ 108 കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 88 കളിക്കളങ്ങൾക്ക് കായികയുവജനകാര്യാലയം ഡയറക്ടർ പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്രഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 81 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 81 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 54 പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയുമാണ്. 13 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

രണ്ടാംഘട്ടമായി 19 കളിസ്ഥലങ്ങളുടെ ഭേദഗതി വരുത്തിയ ലിസ്റ്റിന് 20.09.2025 ലെ സ.ഉ. (സാധാ)നം.238/2025/കാ.യു.വ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അംഗീകാരം നല്കിയിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 27.08.2025 ലെ സ.ഉ. (സാധാ)നം.220/2025,/കാ.യു.വ ഉത്തരവ് പ്രകാരം അംഗീകാരം നല്കിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ടതും എം.എൽ.എ എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 10 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ, കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ എം.എൽ.എ എം.പി/ തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 5 കളിക്കളങ്ങൾക്ക് കായികയുവജനകാര്യാലയം ഡയറക്ടർ പ്ലാൻ ഫണ്ടും, എം.എൽ.എ//എം.പി./ തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്രഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 12 പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി കോച്ചിംഗിന്റെ പ്രോത്സാഹനം, സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാഡമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾ തലത്തിൽ കായികക്ഷമത വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ കേരളത്തിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 7 കോടി രൂപ ചെലവിൽ തൃശ്ശൂർ കുന്നംകുളം സ്പോർട്സ് ഡിവിഷനിലെ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും, 7 കോടി രൂപ ചെലവിൽ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 2023-24 ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 6 പദ്ധതികളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമാണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും 08.04.2024 ന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 29.03.2025 ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ 8 ലെയിൻ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി 9.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. രണ്ടു പ്രവൃത്തികളുടേയും ദർഘാസ് നടപടപടികൾ പൂർത്തിയാക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിലവിൽ 45% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച് 16 സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 15 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ബാക്കി ഒരെണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുമുണ്ട്
.

ടൂറിസം വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 148 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി

| | | | |
|---|---|---|---|
| | | | ഹെൽത്ത് സെന്റർ, മൂലയ്ക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ, പരുതൂർ, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവർത്തിക്കായി ബഹു. എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടേയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടേയും ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിൽ ചാലിശ്ശേരി, നാഗലശ്ശേരി പഞ്ചായത്തിലെ ഓപ്പൺ ജിം പൂർത്തീകരിക്കുകയും ബാക്കി 2 പഞ്ചായത്തുകളിലേയും ഓപ്പൺ ജിം പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.<br><br>കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ